**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവർത്തികളായ ഇളമണ്ണൂർ-കലഞ്ഞൂർ-പാടം, ആനയടി-കൂടൽ, പ്ലാപ്പള്ളി-അച്ചൻകോവിൽ എന്നീ റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | **കലഞ്ഞൂർ പാടം റോഡ്** - കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കലഞ്ഞൂർ പാടം റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 22.29 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 21.90 കോടി രൂപയുടെ സാങ്കേതികനുമതി ലഭ്യമായ പ്രവൃത്തി 20.44 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തിരുന്നു. നിലവിൽ Ch:0/000 (ഇളമണ്ണൂർ 23rd മൈൽ) മുതൽ Ch:10/115 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BM പ്രവൃത്തികൾ, Ch:0/000 (ഇളമണ്ണൂർ 23$^{rd}$ മൈൽ) മുതൽ Ch: 6/360 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BC പ്രവൃത്തികൾ, KWA റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ പുരോഗതി മന്ദഗതിയിൽ ആയതിനാൽ പ്രവൃത്തിയുടെ കരാർ 28.12.2022 ൽ കരാറുകാരന്റെ നഷ്ട്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യുകയും 4.31 കോടി രൂപയുടെ DSOR 2018 പ്രകാരമുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ടെൻഡർ ചെയ്യുകയും ചെയ്തിരുന്നു. റീ-ടെണ്ടറിൽ ഒരു ബിഡ് ലഭിക്കുകയും 47-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് നൽകുകയുമുണ്ടായി. എന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ മിച്ചം പ്രവൃത്തികൾക്ക് ആദ്യ ടെൻഡറിന്റെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് കമ്മിറ്റി നിർദേശിച്ചതിൻ പ്രകാരം പ്രവൃത്തി മൂന്ന് പ്രാവശ്യം ടെൻഡർ ചെയ്തിരുന്നെങ്കിലും കരാറുകാരനെ ലഭിച്ചിരുന്നില്ല.<br><br>08.04.2024 ൽ സർക്കാർ കത്ത് നം. PWD-G1/577/2023/PWD പ്രകാരം കരാറുകാരന്റെ നഷ്ട്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ ശേഷിച്ച പ്രവൃത്തികൾക്ക് ടെൻഡർ |

ചെയ്യുന്ന സമയത്തെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിന് സാങ്കേതികനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആനയടി കൂടൽ റോഡ് -** കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ ആനയടി കൂടൽ റോഡ് പ്രവൃത്തിക്കായി 40 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 133.94 കോടി രൂപയുടെ സാമ്പത്തികനുമതിയും നൽകിയിട്ടുണ്ട്. 100.71 കോടി രൂപയുടെ സാങ്കേതികനുമതി ലഭ്യമായ പ്രവൃത്തി 92.96 കോടി രൂപയ്ക്ക് M/s. മെറ്റാഗാർഡ് എഞ്ചിനിയേർസ് ആൻഡ് കോൺട്രാക്ടർസ് ഏറ്റെടുത്തിരുന്നു. കോന്നി മണ്ഡലത്തിൽ 5 കി.മീ ഉൾപ്പെടുന്ന ഭാഗത്തു രണ്ട് വർഷം മുൻപ് DGBM പൂർത്തീകരിച്ചിട്ടുള്ളതാണ്. 90% സ്ഥല ലഭ്യത ഉണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ യൂട്ടീലിറ്റി ഷിഫ്റ്റിംഗിൽ വന്ന കാലതാമസമാണ് ഫൈനൽ ലെയർ ആയ ബി.സി ചെയ്യാൻ വൈകാൻ കാരണമായത്. വാട്ടർ അതോറിറ്റിയുടെ യൂട്ടീലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയായാൽ ഉടൻ തന്നെ ബി.സി ചെയ്യാൻ സാധിക്കുന്നതാണ്. കലുങ്കുകളുടെയും, സംരക്ഷണ ഭിത്തി കളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആനയടി മുതൽ നെടുമൺ കാവ് വരെയുള്ള പ്രവൃത്തിയുടെ ആകെ പുരോഗതി 89% ആണ്.

**അച്ചൻകോവിൽ പ്ലാപ്പള്ളി റോഡ്** - പ്രസ്തുത പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 43.41 കോടി രൂപയുടെ സാമ്പത്തികനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡിന് നാല് സ്ട്രെച്ച്കൾ ആണ് നിലവിലുള്ളത്. സ്ട്രെച്ച് ഒന്നായ അച്ചൻകോവിൽ പ്ലാപ്പള്ളി റോഡിന്റെ ആകെ നീളം 15.88 കി.മീ ആണ്. ആയതിന്റെ ട്രാഫിക് സർവേയുടെ വിവരങ്ങൾ 04.04.2024 ൽ ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കോമ്പൻസേറ്ററി ലാൻഡ് സംബന്ധിച്ച്, പകരമായുള്ള റെവന്യൂ ഭൂമി ലഭ്യമാക്കുന്നതിനുള്ള സ്ഥലം പത്തനംതിട്ട ജില്ലയിലില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ രണ്ടാമത്തെ റീച്ചായ - നീലിപിലാവ് ടൈൽ റോഡിന്റെ ആകെ നീളം 1.525 കി.മീ. ആണ്. ആയതിന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മൂന്നാമത്തെ സ്ട്രെച്ചായ തണ്ണിത്തോട് ചിറ്റാർ റോഡിന്റെയും നാലാമത്തെ സ്ട്രെച്ചായ ഉറുമ്പിനി വാലുപാറ റോഡിന്റെയും

| | | | |
|---|---|---|---|
| | | | ആകെ നീളം 4.835 കിലോമീറ്ററും 3.547 കിലോമീറ്ററുമാണ്. പ്രസ്തുത 3, 4 സ്ട്രെച്ച്കളിലെ പ്രവൃത്തി ടെൻഡർ ചെയ്യുകയും M/s. രാജി മാത്യു & കമ്പനി സമർപ്പിച്ച ടെൻഡറിന് LoA നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വെയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡ് ക്രോസ്സ് ചെക്ക് ചെയ്തു ചെയ്യേണ്ടുകൾ അടയാളപ്പെടുത്തിയുള്ള സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഐരവൺ പാലം, കരിമാൻതോട് പാലം, ചിറ്റൂർ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | ഐരവൺ പാലം - പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കരിമാൻതോട് പാലം - സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചിറ്റൂർക്കടവ് പാലം - ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിനു വേണ്ടി ഇരുകരകളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. അതിനായുള്ള മുൻകൂർ കൈവശാനുമതി ഉടമകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | സീതത്തോട്-കൊച്ചു കോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (സി) | സീതത്തോട്-കൊച്ചു കോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് (അളിയൻമുക്ക് - കൊച്ചു കോയിക്കൽ റോഡ്) എന്നീ പ്രവൃത്തികൾ JJM പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നതിനാൽ കൾവർട്ട് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ എത്രയും വേഗം പുനരാരംഭിക്കുന്നതാണ്. എഗ്രിമെന്റ് പ്രകാരമുള്ള Retaining wall കൺസ്ട്രക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മലയാലപ്പുഴ റോഡിന്റെ 1.7 കി.മീ ബി.എം ചെയ്യുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹണം നടത്തുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വാർഷിക പദ്ധതി 2021-22 - പേത്തുർക്കുളം ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 150 | സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഫൗണ്ടേഷൻ റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2 | വാർഷിക പദ്ധതി 2021-22 - വള്ളിക്കോട് ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 120 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വാർഷിക പദ്ധതി 2019-20 - മലയാലപ്പുഴ ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 120 | കെട്ടിടം പൂർത്തീകരിച്ചു |
| 4 | വാർഷിക പദ്ധതി 2022-23 - മുണ്ടൻപ്പാറ ഗവ. യു.പി.ട്രൈബൽ സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 100 | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 5 | വാർഷിക പദ്ധതി 2022-23 - കൂടൽ ഗവ. വി.എച്ച്.എസ്.എസ് ന് പുതിയ കെട്ടിട നിർമ്മാണം | 75 | AR Drawing. Client Approval നായി സമർപ്പിച്ചിരിക്കുകയാണ് |
| 6 | വാർഷിക പദ്ധതി 2022-23 - കുത്താട്ടുകുളം ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 150 | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | വാർഷിക പദ്ധതി 2022-23 - പാടം ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം | 100 | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തു |
| 8 | G.W.U.P.S. തണ്ണിത്തോട് അറ്റകുറ്റപ്പണികൾ | 33.21 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | FHC ചിറ്റാറിന് പുതിയ കെട്ടിട നിർമ്മാണം | 200 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 10 | FHC മലയാലപ്പുഴയ്ക്ക് പുതിയ കെട്ടിട നിർമ്മാണം | 762.80 | പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | FHC കൂടലിന് പുതിയ കെട്ടിട നിർമ്മാണം | 662.16 | Retaining wall പ്രവൃത്തി പുരോഗമിക്കുന്നു. Fire NOC ലഭ്യമാക്കുന്നതിനായുള്ള AR drawing തയ്യാറാക്കി വരുന്നു |
| 12 | വില്ലേജ് ഓഫീസ് കൂടലിന് പുതിയ കെട്ടിട നിർമ്മാണം | 44 | പ്രവൃത്തി പുരോഗമിക്കുന്നു |
| 13 | W&C ചിറ്റാർ പുതിയ കെട്ടിട നിർമ്മാണം (Health & Family Welfare Department - Annual Plan 2023-24 - Construction of new building for Women & Children Hospital, Chittar, Konni Constituency, Pathanamthitta - Phase 1) | 700 | ടി പ്രവൃത്തിക്കായുള്ള സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു |